# ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇടുക്കി

**സിവിൽ സ്റ്റേഷൻ ഇടുക്കി പൈനാവ് പി.ഒ. പിൻ. 685603**

**E-Mail.info@dtpcidukki.com** **ഫോൺ. 04862232248**


---

നം.ഡി.റ്റി.പി.സി/എ1/214/2017 തീയതി: 22.10.2020.

## ക്വട്ടേഷൻ നോട്ടീസ്.

ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള താഴെ കാണിക്കുന്ന കെട്ടിടങ്ങൾ 11 മാസക്കാലത്തേക്ക്, നിശ്ചയിക്കുന്ന വാടക തുകയും സെക്യൂരിറ്റി തുകയും മുൻകുറായി അടച്ച് എഗ്രിമെന്റ് വയ്ക്കണമെന്ന വ്യവസ്ഥയോടെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം ലഭിക്കുന്നതിന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ വിവരം | സെക്യൂരിറ്റി പ്പാസിറ്റ് തുക | ഇ.എം.ഡി. തുക |
|---|---|---|---|
| 4. | എ1/214/17<br>വാഗമൺ ഏലപ്പാറ റോഡരിക് ചേർന്നുള്ള അമിനിറ്റി സെന്റർ കെട്ടിടം | രൂപ 100000/- | രൂപ 5000/- |
| 5. | നം.153/16<br>മൂന്നാർ ഡി.റ്റി.പി.സി ആഫീസിന് സമീപമുള്ള സ്നാക് ബാർ കെട്ടിടം | രൂപ 25000/- | രൂപ 5000/- |
| 6. | എ1.260/15<br>മൂന്നാർ പോസ്റ്റാഫിസ് ജംഗ്ഷനിലുള്ള അമിനിറ്റി സെന്റർ കെട്ടിടം | രൂപ 50000/- | രൂപ 10000/- |

### നിബന്ധനകൾ.

1. സീൽ ചെയ്ത ക്വട്ടേഷനോടൊപ്പം ഡി.റ്റി.പി.സി സെക്രട്ടറിയുടെ പേരിൽ എസ്.ബി.റ്റി. ഇടുക്കി ബ്രാഞ്ചിൽ മാറാവുന്ന മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ഇ.എം.ഡി. തുകയുടെ ഡി.ഡി. ചേർത്തിരിക്കേണ്ടതാണ്.
2. ഓരോ കെട്ടിടത്തിനും 11 മാസക്കാലത്തേക്ക് ഒരുമിച്ച് അടയ്ക്കേണ്ട വാടക തുക യാണ് ക്വട്ടേഷനിൽ ചേർക്കേണ്ടത്.
3. കാലാവധിക്ക് ശേഷം തുടർന്ന് വാടകക്ക് എടുക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം ആദ്യ എഗ്രിമെന്റ് കാലാവധി തീരുന്നതിന് 1 മാസം മുൻപ് അപേക്ഷ നൽകേണ്ടതും അനുവദിക്കുന്ന പക്ഷം ഡി.റ്റി.പി.സി നിശ്ചയിക്കുന്ന വാടക മുൻകൂറായി അടച്ച് എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്.
4. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ഏത് കെട്ടിടത്തിനുള്ളതാണെന്ന് പ്രത്യേകം ചേർത്തിരിക്കേണ്ടതാണ്. ഓരോ കെട്ടിടത്തിനും പ്രത്യേകം ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.
5. ക്വട്ടേഷൻ 10.11.2020ന് 4 പി.എം.-ന് മുൻപ് ഇടുക്കി സിവിൽ സ്റ്റേഷനിൽ ഉള്ള ഡി.റ്റി.പി.സി ആഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്. താമസിച്ച് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
6. ക്വട്ടേഷനുകൾ 11.11.2020 രാവിലെ 11.30 ന് ഹാജരാകുന്ന ടെൻഡർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ

ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതും ടിയാൻ ക്വട്ടേഷൻ തുകയുടെ മുന്നിൽ ഒന്ന് ഭാഗം അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറക്ക് സമയ പരിധിക്കുള്ളിൽ ബാക്കി വാടകയും സെക്യൂരിറ്റി തുകയും അടച്ച് കരാർ വയ്ക്കേണ്ടതാണ്.

7. മേൽ ക്വട്ടേഷൻ നടപടികൾ നടത്തുന്നതിനോ വേണ്ടന്ന് വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറിൽ നിക്ഷിപ്തമാണ്.

മേൽ വിവരിച്ചവ കുടാതെ ക്വട്ടേഷൻ സംബന്ധിച്ച പൊതു നിബന്ധനകൾ എല്ലാം ഇതിനും ബാധകമായിരിക്കും.

കുടുതൽ വിവരങ്ങൾക്ക് ഡി.റ്റി.പി.സി ആഫീസുമായി ബന്ധപ്പെടുക

ഫോൺ. 04862 232248 .
Web Site:www.dtpcidukki.com

DISTRICT TOURISM PROMOTION COUNCIL
PAINAVU P.O.
Pin - 685 603.
IDUKKI

സെക്രട്ടറി
ഡി.റ്റി.പി.സി ഇടുക്കി

പകർപ്പ്:1. സെക്രട്ടറി, ഏലപ്പാറ ഗ്രാമ പഞ്ചായത്ത് (ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

2.സെക്രട്ടറി, മൂന്നാർ ഗ്രാമ പഞ്ചായത്ത "

3..ഓഫീസ് നോട്ടീസ് ബോർഡ്

4.സ്റ്റോക്ക് ഫയൽ

5.ഓഫീസ് കോപ്പി